കേരളസർവകലാശാലയുടെ കൈപ്പന്ത് കളി ടീം ചിദംബരത്ത് എത്തിയത് ദക്ഷിണമേഖലയിലെ മത്സരത്തിൽ പങ്കെടുക്കാൻ ആണ്. നാല് മേഖലയിലെ ഓരോ മേഖലയിൽ നിന്നും എത്തുന്ന ഒന്നാം സ്ഥാനക്കാരും രണ്ടാം സ്ഥാനക്കാരും ആണ് അഖിലേന്ത്യാതലത്തിൽ എത്തുന്നത് എന്നത് കൊണ്ട് വല്ലാത്തൊരു വാശിയാണ് എല്ലാ ടീമിനും.

ഗ്രൗണ്ടിന്റെ എല്ലാ പിന്തുണയും ഉള്ള അണ്ണാമല സർവകലാശാലയാണ് എതിരാളികൾ. അവർക്ക് വേണ്ടി അനുകൂല സാഹചര്യങ്ങൾ ഒരുക്കി സംഘാടകർ. എന്നിട്ടും പൊരുതി നേടിയ രണ്ടാം സ്ഥാനവുമായി അഖിലേന്ത്യാമത്സരത്തിനെത്തിയ കേരളാ ടീം അഖിലേന്ത്യാതലത്തിൽ നേടിയത് നാലാം സ്ഥാനം.
ആ ടീമിന് അന്ന് നായകത്വം വഹിച്ച യുവാവ് ഇന്ന് ബാങ്ക് ജീവനക്കാരനായി നമുക്കൊപ്പം ഉണ്ട്. ഈ ആഴ്ചത്തെ അതിഥിയായി.

ജഗദീഷ് എ,
ധനലക്ഷ്മി ബാങ്ക്,
വട്ടപ്പാറ ശാഖ.

പത്മനാഭസ്വാമിയുടെ തിരുമുറ്റത്ത് ദിവസവും ആ പ്രകാശഗോപുരം കണികണ്ടുണരുന്ന വീട്ടിൽ റിട്ടയേർഡ് സെയിൽസ് മാനായ അയ്യപ്പന്റെയും മീനയുടെയും മൂത്ത മകനായി ജനിച്ച ജഗദീഷിന് തന്റെ എല്ലാ നേട്ടവും അനന്തപത്മനാഭന്റെ കാൽച്ചുവട്ടിൽ സമർപ്പിക്കാനാണിഷ്ടം.

തിരുവനന്തപുരം എസ് എം വി സ്കൂളിൽ പഠിക്കുമ്പോൾ അവിടത്തെ ഹാൻഡ് ബോൾ പരിശീലകനായിരുന്ന ഷണ്മുഖം ആണ് ഈ മേഖലയിൽ തന്റെ വഴികാട്ടിയും പ്രചോദനവും എന്ന് ജഗദീഷ് ഓർക്കുന്നു. പന്ത്രണ്ടാം വയസ്സ് മുതൽ ഈ കളിയിൽ സജീവമാകുകയും അക്കാലം മുതൽ തന്നെ മത്സരങ്ങളിൽ പങ്കെടുക്കുകയും അംഗീകാരങ്ങൾ നേടാൻ ആരംഭിക്കുകയും ചെയ്തു.

പ്രശസ്തമായ ഗവണ്മെന്റ് ആർട്സ് കോളേജിൽ പ്രീഡിഗ്രിയും യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും നേടി പുറത്തിറങ്ങുമ്പോഴേക്കും ഈ മേഖലയിൽ തന്റേതായ പേര് കോറിയിട്ടിരുന്നു ജഗദീഷ്.

96ൽ ജൈസാൽമറിൽ നടന്ന അണ്ടർ 15 ടൂർണമെന്റ്, 97ൽ ബീഹാറിലെ ഗോദ്ധയിലും 98ൽ ഭിലായിലും നടന്ന ദേശീയ സ്കൂൾ മീറ്റുകൾ, 99ൽ ഷിംലയിൽ നടന്ന അണ്ടർ 19 ടൂർണമെന്റ്, 2000ത്തിൽ ഗുജറാത്തിൽ, 2001ൽ പൂനയിൽ, 2002ൽ ഹരിയാനയിലെ കുരുക്ഷേത്രയിൽ, 2003ൽ ചിദംബരത്ത്, 2004ൽ ഭോപ്പാലിൽ ഒക്കെ നടന്ന അഖിലേന്ത്യാ സർവകലാശാല മത്സരങ്ങളിൽ പങ്കെടുക്കാനും സമ്മാനങ്ങൾ നേടാനും

കഴിഞ്ഞത് ജീവിതത്തിലെ അപൂർവനിമിഷങ്ങൾ ആയാണ് ജഗദീഷ് കാണുന്നത്.

പഠനം പൂർത്തിയാക്കി 2005ൽ യൂ ടി ഐ ബാങ്കിൽ ജോലിയിൽ പ്രവേശിച്ച ജഗദീഷ് 2010ൽ ലാറ്ററൽ എൻട്രി വഴിയാണ് ധനലക്ഷ്മി ബാങ്കിൽ ഓഫീസർ ആയി പ്രവേശനം നേടിയത്. മണക്കാട് ശാഖയിൽ ആയിരുന്നു ആദ്യനിയമനം, അവിടെ നിന്നും ഡൽഹിയിലെ കൊണാട്ട് പ്ലേസിലേക്കും അവിടെ നിന്നും കൊല്ലത്തേക്കും. ഇപ്പോൾ തിരുവനതപുരം വട്ടപ്പാറ ശാഖയിൽ ശാഖാ മാനേജർ ആണ് ജഗദീഷ്.

നമ്മുടെ ടാലന്റഡ് ബാങ്കർ ഉഡുപ്പി ഹരീഷും ജഗദീഷും സ്കൂളിൽ സഹപാഠികൾ ആയിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അന്യോന്യം കാണാതെയും അറിയാതെയും ഇരുന്നവർ ബാങ്കിലൂടെയാണ് വീണ്ടും കണ്ടുമുട്ടുന്നത്. എന്ന് മാത്രമല്ല ഡൽഹിയിൽ ഒരേ സമയം ജോലി ചെയ്യാനും കഴിഞ്ഞു എന്നത് ഹരീഷ് സന്തോഷത്തോടെ ഓർക്കുന്നു.

ഇത്രയധികം സ്പോർട്സ്മാൻ സ്പിരിറ്റ് ഉള്ള മറ്റൊരു സുഹൃത്ത് തനിക്കില്ല എന്നാണ് ഹരീഷിന്റെ സാക്ഷ്യം. വളരെ ചിട്ടയോടെ ജോലി ചെയ്യുകയും എല്ലായ്പോഴും തന്റെ ടാർഗറ്റുകൾ നേടുകയും ചെയ്യുന്ന ജഗദീഷ് ബാങ്ക് ജോലിയിലും ശ്രദ്ധിക്കപ്പെടുന്ന ഒരു താരമാണത്രെ. ജോലിയിലും കൈപ്പന്തിലും ഷട്ടിലിലും വളരെ ആത്മാർത്ഥതയോടെയാണ് ജഗദീഷിന്റെ ഇടപെടലുകൾ. ആരോഗ്യസംരക്ഷണത്തിൽ ഇത്രയും ബോധവനായ മറ്റൊരു ബാങ്കറെ തനിക്കറിയില്ലെന്ന് ഹരീഷ്.

ബാങ്കിലെ തിരക്കുകൾ തന്റെ ഇഷ്ടവിനോദത്തിന് അല്പം സമയലഭ്യത കുറക്കുന്നുണ്ടെങ്കിലും പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് പരമാവധി മത്സരങ്ങളിൽ ജഗദീഷ് പങ്കെടുക്കാറുണ്ട്.
ആ അവസരങ്ങൾക്ക് ബാങ്കിനോടും ധനലക്ഷ്മി ബാങ്ക് ഓഫീസേഴ്സ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി മനോജിനോടും ഉള്ള കടപ്പാടിൽ ജഗദീഷ് വികാരധീനനായി.
കഴിഞ്ഞ വർഷം കേരളത്തെ പ്രതിനിധീകരിച്ച് ബറോഡയിൽ നടന്ന അഖിലേന്ത്യാടൂർണമെന്റിൽ പങ്കെടുക്കുകയും വിജയകിരീടം നേടുകയും ചെയ്തതിനെ തുടർന്ന് ക്രൊയേഷ്യയിൽ നടക്കാനിരുന്ന ലോകമാസ്റ്റർ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള ഇന്ത്യൻ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിന്റെ ആവേശം പങ്ക് വെക്കുമ്പോഴും ആ അവസരം കോവിഡ് ഇല്ലാതാക്കിയതിന്റെ നിരാശ ജഗദീഷിന്റെ വാക്കുകളിൽ നിഴലിച്ചു.

യൂറോപ്പിലെ ഏറ്റവും മതിപ്പുള്ള ഒരു കായികവിനോദമാണ് കൈപ്പന്ത് കളി. ഏറ്റവും വേഗതയാർന്ന കായികഇനവും. ഇന്ത്യയിൽ ഈ ഇനത്തിൽ നല്ല ടീമുകൾ ഉണ്ടെങ്കിലും കേന്ദ്ര ഗവണ്മെന്റ് സർവീസും റെയിൽവേയും ഫാർമ്മ കമ്പനികളും എന്തിന് ഐ ടി കമ്പനികൾ പോലും നൽകുന്ന

പ്രാധാന്യം ബാങ്കുകൾ ഈ ഇനത്തിൽ നൽകുന്നില്ല എന്നൊരു പരിഭവം ജഗദീഷിന്റെ വാക്കുകളിൽ നിഴലിച്ചു. എങ്കിലും നിലവിലുള്ള കേരളടീമുകളിലെ മികച്ച കളിക്കാരൊക്കെ തന്റെ നാട്ടുകാരാണെന്ന് പറയുമ്പോൾ വാക്കുകളിൽ അഭിമാനത്തിന്റെ മുഴക്കവും ഉണ്ടായിരുന്നു.

സെക്രട്ടേറിയറ്റിലെ സീനിയർ അസിസ്റ്റന്റും ടേബിൾ ടെന്നീസ് ദേശീയ താരവുമായ അശ്വതിയാണ് ജഗദീഷിന്റെ ജീവിതപങ്കാളി. സ്കൂൾ വിദ്യാർത്ഥികളായ വിശ്വജിത്തും സത്യനാഥും ടേബിൾ ടെന്നീസിലെ ജില്ലാതല താരങ്ങളാണ്.

സ്പോർട്സിന് ജീവിതത്തിൽ അർഹമായ സ്ഥാനം ബാങ്ക് ജീവനക്കാർ നൽകുന്നില്ല എന്ന പരിഭവവും ജഗദീഷ് മറച്ചുവെക്കുന്നില്ല. ഏറെ നേരം ഓഫീസിനുള്ളിൽ കഴിച്ചുകൂട്ടുകയും ഏറെ മാനസികസമ്മർദ്ദം അനുഭവിക്കുകയും ചെയ്യുന്ന നമ്മൾ സ്പോർട്സ് ഇനങ്ങളിൽ വേണ്ട പ്രാധാന്യം നൽകുക വഴി ആരോഗ്യം സംരക്ഷണത്തിലും ശ്രദ്ധാലുക്കളാകണം എന്ന് സന്ദേശം നൽകുന്ന ജഗദീഷ് ദിനവും രാത്രി 8 മുതൽ 10 വരെയുള്ള തന്റെ ഷട്ടിൽ പ്രണയത്തെ കുറിച്ച് പറയുമ്പോൾ ഏറെ വാചാലനായി.

എങ്കിലും തന്റെ പ്രിയ കൈപ്പന്ത് കളിയാണ് ജഗദീഷിന്റെ പ്രാണൻ. ഒരു മണിക്കൂറിൽ 14 മനസ്സുകളും ശരീരങ്ങളും ഒരേ മനസ്സോടെ ഏകാഗ്രതയോടെ പൊരുതി നേടുന്ന വിജയത്തിന്റെ മാധുര്യം നൽകുന്ന ലഹരി മറ്റൊന്നിനും നല്കാൻ കഴിയില്ല എന്ന് പറയുന്ന ജഗദീഷിന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം എല്ലാ ആശംസകളും നേരുന്നു.

---

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

---

The Kerala University handball team reached Chidambaram to participate in the South zone level competition. The first and second prize winners from each of the four zones compete on all-India level, making the rivalry intense. They are to face the Annamalai University team who is backed by the cheers from the entire audience, and supported by the organisers.

Still the Kerala University team won over all odds grabbing second prize and yet again reached the fourth in the all- India level championship. The team captain who made this possible is a banker, and our special guest today.

Jagadish A

Dhanalaxmi Bank
Vattappara Branch

Born in a house lit with the rays from the architectural marvel of Padmanabhaswamy temple's gopuram to retired salesman Ayyappan and Meena, he loves to submit all his victories before the lotus feet of the Ananthapadmanabha. He remembers that he was trained and encouraged to excel in handball by the handball instructor Shanmughom at the Thiruvananthapuram S.M.V School where he studied. He started concentrating on and winning prizes for handball at the young age of 12.

By the time he completed his pre degree studies from the famed Government Arts college and, graduation and post-graduation from yet another prestigious college- the University College, he etched his name into the records of handball championships.
The 1996 Jaisalmar under-15 tournament, the national school meets at Godda, Bihar in 1997 and at Bhilai in 1998, the under-19 tournament at Shimla in 1999, the national University level competitions of 2000 at Gujarat, 2001 at Pune, 2002 at Kurukshetra of Haryana, 2003 at Chidambaram, 2004 at Bhopal- this Talented banker has seen all these grounds and won prizes at them! He cherishes each of these memories.
Completing his studies, he joined the UTI Bank in 2005 and in 2010 he came to Dhanalaxmi bank as officer through lateral entry. He was first posted at the Manacaud branch, then he went to Connaught place, Delhi and then to Kollam. Now he is the Branch Head at the Thiruvananthapuram Vattappara branch.

Our Talented banker Udupi Hareesh and Jagadish were classmates at school. They fell apart after school and were reunited through the bank. Hareesh also quips happily that they also chanced to work in Delhi around the same time. He also points out that Jagadish has excellent sportsman spirit and is extremely dedicated and does anything he puts his mind to, perfectly – be it work, handball or badminton. He meets all targets and is a star in the bank as well. And Hareesh feels there is no banker he knows who is as conscious about one's health as Jagadish.

Though banking career hampers his time for the game, he still participates in all competitions he can amidst all the restrictions. And he is particularly grateful to the bank and Dhanalaxmi Bank Officers Organisation General Secretary Manoj for creating such opportunities for him. Through his excitement while relating that last year he represented Kerala in the national level tournament held at Baroda and won the same, thereby getting shortlisted to participate in the Masters Handball World Cup to be held at Croatia we could feel the dejection at the tournament getting cancelled due to the covid-19 pandemic.

Handball is a fast-paced game that is quite popular in Europe. Though there are good teams for handball in India, the importance given to the game by the Central Government service, Railway, Pharma companies and even IT companies is not shown by banks. Though he is unhappy about this, he rejoices in the fact that most gifted players in the Kerala teams are from his own City.
He is married to Aswathi who works as Senior Assistant in the Secretariat and is a national level Table-tennis player. Their kids Viswajith and Satyanath are District level Table- tennis champions. Like parents, like sons!

Jagadish feels that bankers don’t prioritise sports in their lives. He advises that bankers who spend hours sitting at their desks at office and undergo a lot of mental strain, should focus more on sports and take care of their health by changing their lifestyles. He says he spends two hours daily from night 8 to 10 playing badminton, keeping himself fit.

Still his first love is handball. He says the ecstasy that a victory of the concentration and dedication of 14 minds and bodies striving together as one for an hour... there is nothing as exhilarating as that! We wish him and his family all success and prosperity.